# തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

വാക്കാട് പി.ഒ., തിരൂർ, മലപ്പുറം, കേരളം- 676502


---

## സോഷ്യോളജി ഗവേഷണജേണൽ

## സമീക്ഷ (വാല്യം 7)


***ഇഷ്യൂ എഡിറ്റർ : ഡോ. കെ. എസ്. ഹക്കിം***

*അസിസ്റ്റന്റ് പ്രൊഫസർ & ഡയറക്ടർ*
*സോഷ്യോളജി സ്കൂൾ*
*Mob: 9958416456*


**പ്രബന്ധങ്ങൾ ക്ഷണിക്കുന്നു**

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ, UGC CARE പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള **സോഷ്യോളജി ഗവേഷണജേണൽ സമീക്ഷ**യുടെ പ്രത്യേക പതിപ്പിലേക്ക് (Special Issue) ***"സാമൂഹിക നരവംശശാസ്ത്രസൈദ്ധാന്തികമാതൃകകളും ചിഹ്നവിജ്ഞാനീയവും"*** എന്ന വിഷയത്തിന് ഊന്നൽ നല്കുന്ന ഗവേഷണപ്രബന്ധങ്ങൾ ക്ഷണിക്കുന്നു. സാമൂഹ്യനരവംശശാസ്ത്രത്തിന്റെയും (Social Anthropology) ചിഹ്നവിജ്ഞാനീയത്തിന്റെയും (Semiotics) സൈദ്ധാന്തികഅടിത്തറകളിലേക്കും അവയുടെ പ്രയോഗങ്ങളിലേക്കും ആഴ്ന്നിറങ്ങുന്ന അന്തർവൈജ്ഞാനികഗവേഷണസാധ്യതകളുള്ള പ്രബന്ധങ്ങൾ ഒരുമിച്ചുകൊണ്ടുവരാനാണ് ഈ പതിപ്പ് ലക്ഷ്യംവെക്കുന്നത്. താഴെപ്പറയുന്ന വിഷയങ്ങളെ അഭിസംബോധന ചെയ്യുന്ന, എന്നാൽ അതിൽ മാത്രം പരിമിതപ്പെടുത്താത്ത മൗലികഗവേഷണപ്രബന്ധങ്ങൾ സ്വാഗതം ചെയ്യുന്നു:

- സൈദ്ധാന്തികനിർമിതികൾ സാമൂഹ്യനരവംശശാസ്ത്രത്തിലും ചിഹ്നവിജ്ഞാനീയത്തിലും: താരതമ്യ വിശകലനവും സമന്വയവും.
- സാമൂഹ്യനരവംശശാസ്ത്രവും ചിഹ്നവിജ്ഞാനീയസമീപനങ്ങളും: സംസ്കാരം, പ്രതീകാത്മകത, ആശയവിനിമയം.
- സാമൂഹികചലനാത്മകതയും സാംസ്കാരികഅർത്ഥതലങ്ങളും രൂപപ്പെടുത്തുന്നതിൽ അടയാളങ്ങൾ (Signs), ചിഹ്നങ്ങൾ (Symbols), ആചാരങ്ങൾ ( Rituals) എന്നിവയുടെ പങ്ക്.

- ഭാഷ, വ്യാവഹാരികത, സംഭാഷണവിശകലനം, ആഖ്യാനവിശകലനം എന്നിവ സാമൂഹ്യനരവംശശാസ്ത്രത്തിലും ചിഹ്നവിജ്ഞാനീയത്തിലും.
- ചിഹ്നവിജ്ഞാനീയസമീപനങ്ങളിലൂന്നിയുള്ള എത്തനോഗ്രാഫിക് അന്വേഷണങ്ങളും അവയുടെ സാംസ്കാരിക-സാമൂഹിക വ്യാഖ്യാന സാധ്യതകളും.
- സാമൂഹ്യനരവംശശാസ്ത്രമാതൃകകളും ചിഹ്നവിജ്ഞാനീയസമീപനങ്ങളും സംബന്ധിച്ച അന്തർവൈജ്ഞാനിക അന്വേഷണങ്ങൾ.
- സാമൂഹ്യനരവംശശാസ്ത്രമാതൃകകളും ചിഹ്നവിജ്ഞാനീയസമീപനങ്ങളും സമന്വയിപ്പിക്കുന്നതിനുള്ള സൈദ്ധാന്തികനവീകരണങ്ങളും, രീതിശാസ്ത്രമാതൃകകളും ഈ മേഖലയിലെ ഭാവിദിശകളും.

മേൽസൂചിപ്പിച്ചമേഖലകളിൽ നിലവിൽ ഗവേഷണത്തിലേർപ്പെടുന്നവരോ, സമാനവിഷയങ്ങളിൽ പിഎച്ച്.ഡി. ഗവേഷണം പൂർത്തീകരിച്ചവരോ തുടർപഠനങ്ങൾ നടത്തുന്നവരോ ആയ ഗവേഷകരുടെ മൗലികമായ രചനകൾക്കായിരിക്കും മുൻഗണന.

## വിദഗ്ധാവലോകനത്തിന് തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

പ്രബന്ധങ്ങളുടെ നിലവാരം മാത്രമായിരിക്കും തെരെഞ്ഞെടുപ്പിന്റെ മാനദണ്ഡം. ഓരോ പ്രബന്ധവും അതതുഗവേഷണമേഖലകളിലെ വിദഗ്ധരുടെ അവലോകനത്തിന് വിധേയമായിട്ടായിരിക്കും പ്രസിദ്ധീകരണത്തിന് തെരഞ്ഞെടുക്കുന്നത്. പ്രബന്ധങ്ങൾ വിദഗ്ധാവലോകനത്തിന് പരിഗണിക്കുന്നത് താഴെ പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും.

- നിർദിഷ്ട റഫറൻസ് മാനദണ്ഡങ്ങൾ പാലിക്കാത്ത, പ്രബന്ധശരീരത്തിനകത്ത് ആവശ്യമായ പരാമർശങ്ങളും ആധാരങ്ങളും (in text citation) നൽകാത്ത രചനകൾ യാതൊരു കാരണവശാലും വിദഗ്ധാവലോകനത്തിന് പരിഗണിക്കുന്നതല്ല.
- 5000 മുതൽ 7000 വരെ വാക്കുകൾ ദൈർഘ്യമുള്ള പ്രബന്ധങ്ങൾ മാത്രമേ വിദഗ്ധാവലോകനത്തിന് പരിഗണിക്കുകയുള്ളൂ.
- ഗൂഗിൾ പരിഭാഷയോ, സമാന പരിഭാഷാസംവിധാനങ്ങളോ ഉപയോഗിച്ച് തയ്യാറാക്കുന്ന (യാന്ത്രികപരിഭാഷസ്വഭാവമുള്ള) പ്രബന്ധങ്ങൾ പരിഗണിക്കുന്നതല്ല.
- വ്യാപകമായി അക്ഷരതെറ്റുകളുള്ള പ്രബന്ധങ്ങൾ വിദഗ്ധാവലോകനത്തിന് പരിഗണിക്കുന്നതല്ല.

## മാർഗനിർദ്ദേശങ്ങൾ

പ്രസിദ്ധീകരണത്തിനായി സമർപ്പിക്കുന്നപ്രബന്ധങ്ങൾ തയ്യാറാക്കുമ്പോൾ താഴെപറയുന്ന മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

- ഗവേഷണപ്രബന്ധം മലയാളത്തിലായിരിക്കണം.
- ISM സോഫ്റ്റ് വെയറുപയോഗിച്ച് ML-Revathi ലിപിവിന്യാസരീതിയിൽ Page Maker Document (PMD) ആയാണ് പ്രബന്ധം തയ്യാറാക്കേണ്ടത്. PMD ഫയലിനോടൊപ്പം പ്രബന്ധത്തിന്റെ PDF ഫയലും അയക്കേണ്ടതാണ്.
- പ്രബന്ധത്തിലുടനീളം വരികൾ തമ്മിൽ 1.5 ഇടയകലം (space) പാലിക്കണം.
- ശീർഷകം 14 പോയിന്റിലും, പ്രബന്ധശരീരം 12 പോയിന്റിലും ആയിരിക്കണം.
- പേജ് നമ്പർ താഴെ നല്കണം.
- വാക്യാന്ത്യത്തിൽ ബിന്ദു ഒഴിച്ച് മറ്റ ചിഹനം ഒഴിവാക്കുക.
- ചിഹനത്തിനുശേഷം 1 ഇടയകലം (space) പാലിക്കണം.
- താഴെപറയുന്ന ക്രമത്തിലാണ് പ്രബന്ധം തയ്യാറാക്കേണ്ടത്:

1. ആദ്യപുറത്തിൽ പ്രബന്ധത്തിന്റെ പേര്,
   പ്രബന്ധരചയിതാവിന്റെ പേരും മേൽവിലാസവും
   ഇ-മെയിൽ വിലാസം, മൊബൈൽ നമ്പർ എന്നീ വിവരങ്ങൾ ഉൾപ്പെടെ (14പോയിന്റിൽ)

2. രണ്ടാംപുറത്തിൽ ശീർഷകം, 14 പോയിന്റിൽ
   100 വാക്കിൽ കവിയാതെയുള്ള പഠനസംഗ്രഹം (11പോയിന്റിൽ)

3. മൂന്നാംപുറം മുതൽ പ്രബന്ധശരീരം (12 പോയിന്റിൽ)

4. ആവശ്യമായ കുറിപ്പുകളും (Notes) തുടർന്ന് ആധാരസൂചിയും (References) പ്രബന്ധത്തിന്റെ അവസാനം നൽകണം (11 പോയിന്റിൽ).

- ഗ്രന്ഥസൂചി / ആധാരസൂചി തയ്യാറാക്കുന്നതിന് The Chicago Manual (Author-Date style) ആണ് എഴുത്തുകാർ പിന്തുടരേണ്ടത്.

  *സൂചന :*

  - Last Name, First Name. Year. *Title of Book.* Place of Publication: Publisher.

  *മാതൃക :*

  - ദേശ്പാണ്ഡെ, സതീഷ്. 2013. *സമകാലിക ഇന്ത്യ.* തൃശ്ശൂർ: ശാസ്ത്രസാഹിത്യപരിഷത്ത്.
  - Deshpande, Satish. 1999. *Contemporary India*. New Delhi: Penguin Books.

- പ്രബന്ധത്തിനകത്ത് നേരിട്ട് പരാമർശിച്ചിട്ടുള്ള രചനകൾ മാത്രമേ ഗ്രന്ഥസൂചി / ആധാരസൂചിഭാഗത്ത് ഉൾപ്പെടുത്തേണ്ടതുള്ളൂ.

പ്രബന്ധത്തിന്റെ രൂപകൽപ്പനയുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കുന്നതിനായി എഴുത്തുകാർക്ക് താഴെ നൽകിയിരിക്കുന്ന ലിങ്കുപയോഗിച്ച് മാതൃകാപ്രബന്ധം പരിശോധിക്കാവുന്നതാണ്:

*https://drive.google.com/file/d/1a92aYXVSRbAAXzN4hOSCdI0KIxf-yFwq/view?usp=drive_link*

**പ്രബന്ധങ്ങൾ അയക്കേണ്ട ഇമെയിൽ വിലാസം : kshakim@temu.ac.in**

**പ്രബന്ധങ്ങൾ ലഭിക്കേണ്ട അവസാന തീയതി: 2024 ജൂലൈ 1**